പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 440 — 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി നാശോന്മുഖമായതിന്റെ കാരണം

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി
" എൻ .എ.നെല്ലിക്കുന്ന്
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. പി.കെ.ബഷീർ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളം കൃത്യമായി കൊടുക്കാൻ തക്ക വരുമാനം ഉണ്ടാകുന്നില്ലെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | (എ) | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | പണയപ്പെടുത്താൻ സർക്കാർ കൈമാറിയ ആസ്തികൾ പോലും ശേഷിച്ചിട്ടില്ലാത്തവിധം ഈ സ്ഥാപനം നാശോന്മുഖമായിത്തീരാനിടയാക്കിയതിന്റെ വസ്തുനിഷ്ഠമായ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയും സാമ്പത്തിക സ്വയം പര്യാപ്തതയുമുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിലേക്കും സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ട് പഠനം നടത്തുന്നതിനായി കൊൽക്കട്ടയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ കൺസൽട്ടന്റായി നിയോഗിച്ചിട്ടുണ്ട്. |
| (സി) | ആവശ്യത്തിലേറെ ജീവനക്കാരെ നിയമിച്ചതും ട്രേഡ് യൂണിയൻ അതിപ്രസരവും അഴിമതിയും ആത്മാർത്ഥതയില്ലാത്ത ഉന്നത ഉദ്യോഗസ്ഥരും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച്, ഈ സ്ഥാപനത്തെ നിലനിർത്താൻ ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളുമോ? | (സി) | ശ്രീ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ